LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം

367 [2426] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്ന് പ്രൊമോഷൻവഴി നികത്താവുന്ന പ്ലസ്ടു അദ്ധ്യാപകരുടെ ഒഴിവുകൾ എത്ര; നേരിട്ട് നിയമനം നടത്തേണ്ടതായ പ്ലസ്ടു അദ്ധ്യാപകരുടെ ഒഴിവുകൾ എത്ര;

(ബി) പി.എസ്.സി. തയ്യാറാക്കിയ പ്ലസ്ടു അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത ലിസ്റ്റിൽ നിന്നും ഈ വർഷം എത്ര പ്ലസ്ടു അദ്ധ്യാപകരെ നിയമിക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) സർവ്വീസിൽ നിന്ന് പ്രൊമോഷൻവഴി നികത്താവുന്ന പ്ലസ്ടു അദ്ധ്യാപകരുടെ 255 തസ്തികകൾ ഇപ്പോൾ ഒഴിവുണ്ട്. ഇതിൽ 198 എണ്ണം എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികകളും 57 എണ്ണം എച്ച്.എസ്.എസ്.ടി. തസ്തികകളുമാണ്.

(ബി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഏതാനും ചില വിഷയങ്ങളിലുള്ള റാങ്ക് ലിസ്റ്റ് പി.എസ്.സി. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ ഇപ്പോൾ ഒഴിവുള്ള 3846 വേക്കൻസികൾ [2383 എച്ച്.എസ്.എസ്.ടി. 1463 എച്ച്.എസ്.എസ്.ടി. (ജൂനിയർ)] ഇതിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എസ്.സി.ഇ.ആർ.ടി.-യിൽ നിയമനങ്ങൾക്കുള്ള മാനദണ്ഡം

368 [2427] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. രാജു എബ്രഹാം:
„ കെ. വി. കുഞ്ഞിരാമൻ:
„ കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി.-യിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) 2004-ൽ എസ്.സി.ഇ.ആർ.ടി.-യിൽ എത്ര പേരെ നിയമിച്ചു; നിയമനത്തിന് മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ;

(സി) റിട്ടയർ ചെയ്തവർക്ക് 2003-ൽ എസ്.സി.ഇ.ആർ.ടി.-യിൽ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേരെ;

(ഡി) 2003-2004-ൽ ഈ സ്ഥാപനത്തിന് എത്ര ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭിച്ചു; എത്ര ചെലവഴിച്ചു; ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചത്;

(ഇ) എസ്.സി.ഇ.ആർ.ടി. നടത്തുന്ന ഓപ്പൺ സ്കൂളുകളിൽ എത്ര കുട്ടികൾ രജിസ്റ്റർ ചെയ്തു; ഫീസിനത്തിൽ കിട്ടിയ തുക എത്രയാണ്; എത്ര ലക്ഷം രൂപ രജിസ്റ്റർ ചെയ്ത കുട്ടികളുടെ ആവശ്യത്തിനായി ചെലവഴിച്ചു; ഈ ഇനത്തിൽ ലഭിച്ച തുക മറ്റെന്തെങ്കിലും ആവശ്യത്തിനായി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഗവൺമെന്റിൽ നിന്ന് അതിനുള്ള അനുമതി നൽകിയിരുന്നോ;

(എഫ്) എസ്.സി.ഇ.ആർ.ടി.-യിൽ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; അദ്ധ്യാപക യോഗ്യതയില്ലാത്തവർ അദ്ധ്യാപകരായി നിയമിക്കപ്പെട്ടിട്ടുണ്ടോ; എസ്.സി.ഇ.ആർ.ടി.-യിലെ തസ്തികകൾ അദ്ധ്യാപകരുടെ പ്രൊമോഷൻ തസ്തികകളായി മാറ്റുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എസ്.സി.ഇ.ആർ.ടി.-യുടെ ഗവേണിംഗ് ബോഡി അംഗീകരിച്ച കരട് സ്പെഷ്യൽ റൂൾസ് പുതുക്കിയെഴുതാൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകരിക്കപ്പെട്ട റൂൾസ് ആന്റ് റെഗുലേഷന്റെ അഭാവത്തിൽ എം.ഒ.എ. അനുസരിച്ചാണ് നിയമനങ്ങൾ നടത്തുന്നത്.

(ബി) എസ്.സി.ആർ.ടി.-യിലെ ഇപ്പോഴത്തെ ഡയറക്ടറെ പുനർ നിയമന പ്രകാരം സർക്കാർ നിയമിച്ചിട്ടുണ്ട്. ഗവേണിംഗ് ബോഡിയുടെ നിർദ്ദേശ പ്രകാരം ധനകാര്യവകുപ്പിൽ നിന്നും അണ്ടർ സെക്രട്ടറിയായി റിട്ടയർ ചെയ്ത ശ്രീ. മോഹൻ വർഗ്ഗീസിനെ രജിസ്ട്രാറായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത നിയമനം ശരിവയ്ക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ബാക്കി നാല് നിയമനങ്ങൾ ദിവസക്കൂലി അടിസ്ഥാനത്തിലുള്ളവയും താൽക്കാലികവുമാണ്.

(സി) ഉണ്ട്. പെൻഷൻപ്പറ്റി പിരിഞ്ഞ നാല് അദ്ധ്യാപകർക്ക് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ 2003-ൽ കരാർ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2003-2004-ൽ 63,59,790 രൂപയുടെ കേന്ദ്ര സഹായം ലഭിച്ചു. അതിൽ 7,31,965 രൂപ ചിലവാക്കി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) എസ്.സി.ഇ.ആർ.ടി. നടത്തുന്ന ഓപ്പൺ സ്കൂളിൽ 2003-2005 ബാച്ചിൽ ആകെ 84083 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫീസിനത്തിൽ 6,15,67,701 രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 71,87,080 രൂപ കുട്ടികൾക്കുവേണ്ടി ചെലവാക്കിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ പ്രധാന ജോലിയായ പാഠപുസ്തക നിർമ്മാണ ചെലവുകൾക്ക് ട്രഷറി നിയന്ത്രണം മൂലം തടസ്സം വരുമ്പോൾ ഓപ്പൺ സ്കൂൾ ഫണ്ടിൽ നിന്നും കടമായി എടുക്കാറുണ്ട്. ഈ തുക ചെക്ക് മാറുന്ന മുറയ്ക്ക് തിരിച്ചടക്കാറുമുണ്ട്. സർക്കാർ അനുമതി ഇല്ലെങ്കിലും ഗവേണിംഗ് ബോഡിയുടെ അനുവാദത്തോടെയാണ് ഇപ്രകാരം ചെയ്യാറുള്ളത്.

(എഫ്) നിലവിലില്ല. അദ്ധ്യാപക യോഗ്യത ഇല്ലാത്ത ആരെയും അദ്ധ്യാപകരായി നിയമിച്ചിട്ടില്ല. എസ്.സി.ഇ.ആർ.ടി. സ്വയം ഭരണ സ്ഥാപനമാകയാൽ എസ്.സി.ഇ.ആർ.ടി.-യിലെ തസ്തികകൾ അദ്ധ്യാപകരുടെ പ്രൊമോഷൻ തസ്തികകളായി മാറ്റുന്ന കാര്യം പരിഗണനാർഹമല്ല.

കോളേജ് അദ്ധ്യാപകരെ മാനേജ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുനർവിന്യസിപ്പിക്കുന്നതിനുള്ള നടപടി

369 [2428] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി ഡി-ലിങ്കിനെത്തുടർന്ന് തസ്തിക ഇല്ലാതായ കോളേജുകളിൽ നിന്നും പുറത്തായ അദ്ധ്യാപകരെ നിലനിർത്തുന്നതിനുവേണ്ടി ഏതെല്ലാം മാനേജ്മെന്റുകൾക്കാണ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ച് കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ പുറത്തായ മുഴുവൻ അദ്ധ്യാപകർക്കും മാനേജ്മെന്റുകൾ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമനം കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു തീയതി വരെ നിയമിക്കപ്പെട്ടവരെയാണ് ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് പുനർവിന്യസിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly